HON'BLE MR. T. M. VARGHESE ; Yes; there are persons who have not been appointed from the list referred to. Representations have been received from a few of them.

MR. K. A. MATHEW : ഇപ്പോൾ ഈ അദ്ധ്യാപകന്മാരെ ആവശ്യമുള്ളതുകൊണ്ട് ഈ ലിസ്റ്റിൽ ഉള്ളവർക്ക് പരിഗണന നൽകി അവരെ നിയമിക്കുന്ന കാര്യം ഗവണ്മെൻറ് ആലോചിക്കുമോ ?

HON'BLE MR. T. M. VARGHESE : ചില വ്യവസ്ഥകൾക്ക് വിധേയമായി അവരെ നിയമിക്കുന്നതിൽ വിരോധമൊന്നുമില്ല. ഒന്നാമത്തേത് അവർക്ക് ട്രെയിനിംഗ് ക്വാളിഫിക്കേഷൻ ഉണ്ടായിരിക്കണം. രണ്ടാമത്തേത് നിശ്ചിത വയസ്സ് കടക്കരുത്. ഈ രണ്ടു വ്യവസ്ഥകൾക്കും വിധേയമായി കാണുന്ന അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളം നിയമന കാര്യത്തിൽ വേണ്ട പരിഗണന നൽകുന്നതാണ്.

പാലം പണി.

443. MR. K. A. MATHEW : താഴെ പറയുന്ന ചോദ്യത്തിനു ബഹു മാനപ്പെട്ടമന്ത്രി സദയം മറുപടി പറയുമോ ?

തിരുവല്ലാ താലൂക്കിൽ കല്ലുപ്പാറ പകുതിയിൽ വായ്പ്പൂർ എന്ന സ്ഥലത്തു വെട്ടിക്കൽ മാക്കറിനു സമീപമുള്ള വയിച്ചയിൽതോട്ടിൽ പാലം പണിയിക്കുന്നതിനു ഏപ്പോൾ ആദ്യം അനുമതി നൽകിയെന്നും പണി പന്നീട്ട നിറുത്തുവാൻ കാരണം എന്തെന്നും ദയവായി ഗവണ്മെൻറ് പ്രസ്താവിക്കുമോ ?

HON'BLE MR. A. ATCHUTHAN : In 1121 M. E. the work could not be proceeded with after the driving of R. C. piles for want of required reinforcement rods.

MR. K. A. MATHEW : അതിനുശേഷം ഈ പണി ആരംഭിക്കുന്നതിന് യാതൊരു നടപടിയും നടത്താതിരുന്നതിന് കാരണമെന്താണ് ?

HON'BLE MR. A. ATCHUTHAN : ഈ വക്ക് ധൃതഗതിയിൽ നടത്തുന്നതിന് കൺട്രാക്ടറുടെ കുഴപ്പംകൊണ്ടു സ്വല്പം തടസ്സം വന്നു. എന്നാൽ ഇപ്പോൾ ജോലി വേഗം തീർക്കുന്നതിന് വേണ്ട ഏർപ്പാടുകൾ നടത്തി വരുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly